# St. Michael's College

*(An Institution with Minority Status)*

**Affiliated to University of Kerala and Re-accredited by NAAC with 'A' Grade**

**Mayithara P.O., Cherthala**

Phone : 0478-2822387, Fax : 0478-2810387

www.stmc.ac.in, E-mail : michaelscherthala@gmail.com


21/12/2023

## അനുശോചന പ്രമേയം

ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലെ രണ്ടാംവർഷ ബിരുദ വിദ്യാർത്ഥിനിയായ തെരേസ അഗസ്റ്റിൻ. 2004 സെപ്റ്റംബർ 24 ന് ചേന്നവേലി പുത്തൻപുരയ്ക്കൽ ശ്രീ. ജോൺസന്റേയും ശ്രീമതി ഷൈനിയുടെയും മകളായി ജനനം. ചേന്നവേലി സെന്റ് തോമസ് എൽ.പി. സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസവും ചേർത്തല സെന്റ് മേരീസ് സ്കൂളിൽ നിന്ന് അപ്പർ പ്രൈമറി വിദ്യാഭ്യാസവും പൂർത്തിയാക്കി. അർത്തുങ്കൽ സെന്റ് ഫ്രാൻസിസ് അസ്സീസി ഹയർ സെക്കന്ററി സ്കൂളിൽ നിന്നും 2020 ൽ പത്താംക്ലാസും, 2022 ൽ പന്ത്രണ്ടാം ക്ലാസ്സും ഉയർന്ന മാർക്കോടുകൂടി വിജയിച്ചതിനുശേഷം 2022-23 വിദ്യാഭ്യാസ വർഷത്തിൽ സെന്റ് മൈക്കിൾസ് കോളേജിൽ ബിരുദ പഠനത്തിനായി ചേർന്നു. കൊമേഴ്സ് ഐഛിക വിഷയമായി തിരഞ്ഞെടുത്ത തെരേസ, കോളേജ് പഠനകാലത്തും തന്റെ വിദ്യാഭ്യാസത്തിന്റെ നിലവാരം കാത്തുസൂക്ഷിക്കുന്നതിൽ തികഞ്ഞ ജാഗ്രത വച്ചുപുലർത്തിയിരുന്നു. അദ്ധ്യാപകരോടും, സഹപാഠികളോടും ഊഷ്മളമായ ബന്ധം നിലനിർത്തുന്നതിൽ തെരേസ തന്റേതായ ശൈലി അനുവർത്തിച്ചിരുന്നു. സൗന്ദര്യമുള്ള മുഖവും, മായാത്ത ചിരിയും, പഠനമേഖലയിലെ മികവും തെരേസ എന്ന വിദ്യാർത്ഥിനിയെ അദ്ധ്യാപകരുടെയും സഹപാഠികളുടെയും പ്രിയങ്കരിയാക്കിമാറ്റി. പഠനത്തോടൊപ്പം ആത്മീയ ജീവിതത്തിലും ശ്രദ്ധപുലർത്തിയിരുന്ന വ്യക്തിത്വമായിരുന്നു തെരേസ. അതിന്റെ ഭാഗമായി ചേന്നവേലി സെന്റ് ആന്റണീസ് പള്ളിയിലെ മതപഠന പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം വഹിച്ചു. ജീവിതത്തിന്റെ പടവുകൾ ശ്രേഷ്ഠതയോടുകൂടി വിജയിച്ചു കയറുന്നതിനിടയിൽ 2023 ഡിസംബർ 19-ാം തീയതി ആകസ്മികമായി തെരേസ അഗസ്റ്റിൻ നമ്മിൽ നിന്ന് പിരിഞ്ഞ് ഈ ലോക ജീവിതത്തിൽ നിന്നും മാറ്റപ്പെട്ടു. പ്രിയ വിദ്യാർത്ഥിനി തെരേസ അഗസ്റ്റിന്റെ വിയോഗത്തിൽ കുടുംബത്തിനുണ്ടായ ദുഃഖത്തിൽ പങ്കുചേരുന്നതിനൊപ്പം കോളേജ് മാനേജ്മെന്റിന്റേയും അദ്ധ്യാപക-അനദ്ധ്യാപകരുടേയും, എല്ലാ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെയും അനുശോചനം ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

അവതാരകൻ

രേഷ്മ എസ് ചന്ദന

അനുവാദകൻ

പ്രൊഫ. (ഡോ.) സിന്ധു എസ്. നായർ

പ്രിൻസിപ്പാൾ